# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5506 — 01/07/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗത്തിൽപ്പെട്ട അമ്മമാർ, കുഞ്ഞുങ്ങൾ, ഗർഭിണികൾ എന്നിവരുടെ ആരോഗ്യ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. എൻ. ഷംസുദ്ദീൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗത്തിൽപ്പെട്ട അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും കഴിഞ്ഞവർഷം എന്ത് തുക ചെലവഴിച്ചു; എത്ര അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും **'ജനനി ജന്മരക്ഷ'** ആരോഗ്യ പദ്ധതി 2013-14 മുതൽ നടപ്പിലാക്കി വരുന്നു. 2013-14 വർഷം ഇതിനായി 1,38,62,100/- രൂപ ചെലവഴിച്ചു. 6384 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. |
| (ബി) | ഗർഭിണികളുടെ ആരോഗ്യ രക്ഷയ്ക്ക് പുതിയ പദ്ധതികളേതെങ്കിലും ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ബി) | ഗർഭിണികളുടെ ആരോഗ്യ രക്ഷയ്ക്കായി ആരോഗ്യ വകുപ്പും, സാമൂഹ്യ നീതി വകുപ്പും ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമെ, പോഷകാഹാരം പ്രദാനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് **'ജനനി ജന്മരക്ഷ'** യെന്ന പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ മറ്റൊരു പുതിയ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ